തിരുവിതാംകൂർ ദേവസ്വം ബോർഡ്

ROC.11401/19/EST-A/EST-C

ദേവസ്വം കമ്മീഷണർ ആഫീസ്
തിരുവനന്തപുരം
30/04/2025

സർക്കുലർ

വിഷയം:- തിരുവിതാംകൂർ ദേവസ്വം ബോർഡിൽ ഗ്രൂപ്പ് മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതിയിൽ ചേരുന്നതിന് ജീവനക്കാരുടെ വിവരങ്ങൾ നൽകുന്നത് സംബന്ധിച്ച്.

സൂചന:- **27/03/2025**-ലെ മേൽ നമ്പർ സർക്കുലർ (പകർപ്പ് ചേർക്കുന്നു).

തിരുവിതാംകൂർ ദേവസ്വം ബോർഡ് ജീവനക്കാർക്കായി തുടങ്ങിയ ഗ്രൂപ്പ് മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതി **2025** ഏപ്രിൽ **1**-ന് പ്രാബല്യത്തിൽ വന്നിട്ടുള്ളതാണ്.

അതിനാൽ **01/04/2025**-ന് മുൻപ് തിരുവിതാംകൂർ ദേവസ്വം ബോർഡ് സർവ്വീസിൽ പ്രവേശിച്ചവരും നിലവിൽ തിരുവിതാംകൂർ ദേവസ്വം ബോർഡ് സർവ്വീസിൽ തുടരുന്നതുമായ ജീവനക്കാർക്ക് ഈ വർഷത്തെ ഗ്രൂപ്പ് മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതിയിൽ ചേരുന്നതിന് **06/05/2025** വരെ ഒരു അവസരം കൂടി നൽകുന്നതാണ്.

ആയതിന് ശേഷം **01/04/2025** മുതൽ പുതുതായി തിരുവിതാംകൂർ ദേവസ്വം ബോർഡ് സർവ്വീസിൽ ചേരുന്ന ജീവനക്കാർക്ക് മാത്രമേ അനുപാത അടിസ്ഥാനത്തിൽ ടി പദ്ധതിയിൽ ചേരുവാൻ സാധിക്കൂ.

ആയതിനാൽ സൂചന സർക്കുലറിലെ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ച് ടി പദ്ധതിയിൽ അംഗമാകാവുന്നതാണ്.

ഇത്തരത്തിൽ ടി പദ്ധതിയിൽ ചേരുന്നവർക്ക് ഏപ്രിൽ മുതലുള്ള ജീവനക്കാരുടെ മാസവിഹിതമായ **500/-** രൂപയും ചേർത്ത് മെയ് മാസത്തെ ശമ്പളത്തിൽ നിന്നും പിടുത്തം വരുത്തേണ്ടതാണ്.

(ഒപ്പ്)
ദേവസ്വം കമ്മീഷണർ

അംഗീകാരത്തോടെ,

ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ
(അഡ്മിനിസ്ട്രേഷൻ)

പകർപ്പ്:-

1. എല്ലാ ആഫീസ് / ഡിപ്പാർട്ട്മെന്റ് മേധാവികൾക്കും
2. ഐ.റ്റി സെക്ഷൻ
3. സെക്ഷൻ ഫയൽ

AR.30/04

തിരുവിതാംകൂർ ദേവസ്വം ബോർഡ്

ROC.11401/19/EST-A/EST-C

ദേവസ്വം കമ്മീഷണർ ആഫീസ്
തിരുവനന്തപുരം
27/03/2025

സർക്കുലർ

വിഷയം:- ഗ്രൂപ്പ് മെഡിക്കൽ ഇൻഷ്വറൻസിനു വേണ്ടി ജീവനക്കാരുടെ വിവരങ്ങൾ ശേഖരിക്കുന്നത് സംബന്ധിച്ച്.

സൂചന:- **22/03/2025**-ലെ **ROC.3429/24/Est-4** നമ്പർ ബോർഡ് ഉത്തരവ്.

തിരുവിതാംകൂർ ദേവസ്വം ബോർഡിൽ ഗ്രൂപ്പ് മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതി നടപ്പിൽ വരുത്തുന്നതിന് നാഷണൽ ഇൻഷ്വറൻസ് കമ്പനിയെ തെരഞ്ഞെടുത്ത് ഉത്തരവായിട്ടുള്ളതാണ്. നിലവിൽ **"SIBRO Link"** വഴി വിവരങ്ങൾ നൽകിയ **2775** ജീവനക്കാർക്കാണ് ടി ആനുകൂല്യം ലഭ്യമാവുക.

പുതുതായി ഗ്രൂപ്പ് മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതിയിൽ ചേരുവാൻ താൽപര്യമുള്ള ജീവനക്കാർ **"SIBRO Link"** വഴി ചുവടെ വിവരിക്കുന്ന ക്രമം തങ്ങളുടെ വിവരങ്ങൾ **09/04/2025**-നകം നൽകിയാൽ മാത്രമേ ടി പദ്ധതിയുടെ ഭാഗമാകാൻ സാധിക്കുകയുള്ളൂ. നിലവിൽ വിവരങ്ങൾ നൽകിയിട്ടുള്ള ജീവനക്കാർ വീണ്ടും വിവരങ്ങൾ നൽകേണ്ടതില്ല. നൽകിയ വിവരങ്ങളിൽ എന്തെങ്കിലും മാറ്റം വരുത്തേണ്ടതുണ്ടെങ്കിൽ **9544190008** എന്ന നമ്പരിൽ ബന്ധപ്പെടാവുന്നതാണ്.

1. ജീവനക്കാർ അവരുടെ ഫോൺ നമ്പർ ഉപയോഗിച്ച് ടി പോർട്ടലിൽ ലോഗിൻ ചെയ്യുക, ശേഷം ഈ നമ്പറിലേയ്ക്ക് ലഭിക്കുന്ന **OTP** ഉപയോഗിച്ച് രജിസ്ട്രേഷൻ പ്രൊഫൈലിൽ കയറുക.
2. ഈ പ്രൊഫൈലിൽ ജീവനക്കാരുടേയും ആശ്രിതരുടേയും വിവരങ്ങൾ എൻറോൾ ചെയ്യുന്ന അവസരത്തിൽ അവരവരുടെ ഐ.ഡി പ്രൂഫ് പ്രകാരമുള്ള വിവരങ്ങൾ (ജനന തീയതി, പേര് എന്നിവ) നൽകുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.
3. പ്രൊഫൈലിൽ നൽകുന്ന ഫോൺ നമ്പർ, ഇ-മെയിൽ ഐ.ഡി എന്നിവ നിലനിർത്തുക. ഇൻഷ്വറൻസുമായി ബന്ധപ്പെട്ട സന്ദേശങ്ങളും മറ്റ് നിർദ്ദേശങ്ങളും എല്ലാം ഇതിലേക്കായിരിക്കും ലഭിക്കുന്നത്.
4. വിവരങ്ങൾ എല്ലാം ശരിയാണോ എന്ന് പരിശോധിച്ചതിന് ശേഷം മാത്രം **CONFIRM** ബട്ടൺ അമർത്തുകയും അതിനു ശേഷം ബന്ധപ്പെട്ട വിവരങ്ങൾ ഇ-മെയിൽ ആയി ലഭിച്ചോ എന്ന് കൂടി പരിശോധിക്കേണ്ടതാണ്.

❖ ലിങ്ക് ചുവടെ ചേർക്കുന്നു :- **https://tdb.securus.in/**

(ഒപ്പ്)
ദേവസ്വം കമ്മീഷണർ

അംഗീകാരത്തോടെ,

ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ
(അഡ്മിനിസ്ട്രേഷൻ)

പകർപ്പ്:-

1. എല്ലാ ആഫീസ് / ഡിഷാർട്ട്മെന്റ് മേധാവികൾക്കും
2. ഐ.റ്റി സെക്ഷൻ
3. സെക്ഷൻ ഫയൽ

AR.27/03